**പതിനാലാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ **2185** **04.11.2019**- ൽ മറുപടിയ്ക്ക്

## സാമൂഹ്യനീതി രംഗത്തെ പരിഷ്കാരങ്ങൾ


ചോദ്യം

ശ്രീ.ഡി.കെ.മുരളി

മറുപടി

കെ.കെ.ശൈലജ ടീച്ചർ
(ആരോഗ്യവും സാമൂഹ്യനീതിയും
വനിത-ശിശുവികസനവും
വകുപ്പ് മന്ത്രി.)


| | | | |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സാമൂഹ്യനീതി രംഗത്ത് നടപ്പിലാക്കിയ പരിഷ്കാരങ്ങൾ എന്തൊക്കെയാണ്; വിശദമാക്കാമോ; | (എ) യും (ബി) യും | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം 30/6/2017 ലെ സ.ഉ.(കൈ)നം.24/2017/സാനീവ നമ്പർ ഉത്തരവു പ്രകാരം സാമൂഹ്യനീതി വകുപ്പ് വിഭജിച്ച് വനിത ശിശു വികസന വകുപ്പ് രൂപീകരിച്ചിട്ടുണ്ട്. രണ്ടു വകുപ്പുകളിലും ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിവിധ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) | പ്രസ്തുത പരിഷ്കാരങ്ങൾ നടപ്പിലാക്കിയതു മൂലം പുതിയതായി ലഭ്യമായ സേവനങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കാമോ? | | |

സെക്ഷൻ ഓഫീസർ

## അനുബന്ധം

## സാമൂഹ്യ നീതി വകുപ്പ്

1. സംസ്ഥാനത്തെ സർക്കാർ വൃദ്ധസദനങ്ങളെ പരിഷ്കരിച്ച് ദേശീയ നിലവാരത്തിലേയ്ക്ക് ഉയർത്തുന്ന പദ്ധതിയുടെ ആദ്യഘട്ടമായി കണ്ണൂർ ഗവ.വൃദ്ധസദനത്തെ സമഗ്രമായി പരിഷ്കരിച്ചിട്ടുണ്ട്.
2. അട്ടപ്പാടിയിലെ മാനസിക വൈകല്യമുള്ളവരെ പുനരധിവസിപ്പിക്കുന്നതിനായി ഒരു കെയർ ഹോം ആരംഭിക്കുന്നതിന് ഈ സർക്കാർ തീരുമാനിക്കുകയും എസ്.ടി. വകുപ്പിന്റെ കീഴിൽ അട്ടപ്പാടി കാവുണ്ടിക്കൽ എന്ന സ്ഥലത്തെ കാരുണ്യാശ്രമം എന്ന ITDP വൃദ്ധസദനം സാമൂഹ്യനീതി വകുപ്പ് ഏറ്റെടുത്ത് പുനർജ്ജനി എന്ന് പുനർ നാമകരണം ചെയ്യുകയും നിർമ്മിതി കേന്ദ്രം മുഖേന ഒന്നാം ഘട്ട നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കി പ്രവർത്തന സജ്ജമാക്കിയിട്ടുമുണ്ട്.
3. മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികളുടെ സ്ഥാപനങ്ങളിൽ നിന്നും 18 വയസ്സ് പൂർത്തിയായവരെ മാറ്റിപ്പാർപ്പിക്കുവാൻ "പ്രതീക്ഷാ സ്കീം" എന്ന പദ്ധതി ആരംഭിക്കുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്.
4. ജയിൽ തടവുകാരുടെ മക്കൾക്ക് പ്രൊഫഷണൽ വിദ്യാഭ്യാസത്തിനുള്ള ധനസഹായം കൊല്ലപ്പെടുകയോ, അതിക്രമത്തിനിരയായി കിടപ്പിലാകുകയോ ഗുരുതരമായി പരിക്കേൽക്കുകയോ ചെയ്തവരുടെ മക്കൾക്ക് വിദ്യാഭ്യാസം തുടരുന്നതിനായി ധനസഹായ പദ്ധതി എന്നിവ നടപ്പിലാക്കി വരുന്നുണ്ട്.
5. സാമൂഹ്യനീതി ഡയറക്ടറേറ്റിൽ നിലനിന്നിരുന്ന ഫയൽ സംവിധാനം ഇ-ഓഫീസിലേയ്ക്ക് പരിഷ്കരിച്ചു.
6. സാമൂഹ്യനീതി ഡയറക്ടറേറ്റിൽ സിസിടിവി ക്യാമറ സ്ഥാപിച്ചു.
7. സാമൂഹ്യനീതി വകുപ്പിൽ നിന്ന് വനിത ശിശു വികസന പദ്ധതികൾ മാറ്റപ്പെട്ടതോടെ വയോജനങ്ങളുടെയും ഭിന്നശേഷിക്കാരുടെയും ട്രാൻസ്ജെൻഡർമാരുടെയും പദ്ധതികൾ കൂടുതൽ വിപുലമായും കാര്യക്ഷമമായും നടപ്പിലാക്കി വരുന്നുണ്ട്.
8. സംസ്ഥാനത്തെ സർക്കാർ വൃദ്ധസദനങ്ങളെ പരിഷ്കരിച്ച് ദേശീയ നിലവാരത്തിലേയ്ക്ക് ഉയർത്തുന്ന പദ്ധതിയുടെ ആദ്യഘട്ടമായി കണ്ണൂർ ഗവ.വൃദ്ധസദനത്തെ സമഗ്രമായി പരിഷ്കരിച്ചതിന്റെ ഫലമായി ചുവടെ പറയുന്ന സേവനങ്ങൾ വയോജനങ്ങൾക്ക് നൽകി വരുന്നുണ്ട്.

a) ആരോഗ്യരക്ഷാ ക്യാമ്പുകൾ
b) ലാബ് ടെസ്റ്റിംഗ്
c) ഫിസിയോതെറാപ്പി സൗകര്യങ്ങൾ
d) മെച്ചപ്പെട്ട പരിചരണ സംവിധാനങ്ങൾ.
e) നഴ്സിംഗ് കെയർ
f) ആധുനിക കിടക്കകൾ
g) നൈപുണ്യവികസന പരിശീലനങ്ങൾ

9. ട്രാൻസ്ജെൻഡർ പോളിസിയുടെ ഭാഗമായി പ്രസ്തുത വിഭാഗത്തിൽപ്പെട്ടവര്ക്ക് തിരിച്ചറിയൽ കാർഡ് വിതരണം, ട്രാൻസ്ജെൻഡർ വിദ്യാർത്ഥികൾക്ക് ഹോസ്റ്റൽ സൗകര്യം നൽകുന്ന പദ്ധതി, ഹെൽപ്പ് ലൈൻ, ലിംഗമാറ്റ ശസ്ത്രക്രിയയ്ക്കുള്ള ധനസഹായം തുടങ്ങിയ പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നു.
10. ഫയൽ സംവിധാനം ഇ-ഓഫീസിലേയ്ക്ക് പരിഷ്കരിച്ചതിനാൽ ഡയറക്ടറേറ്റിൽ തപാൽ വിതരണം കാര്യക്ഷമമാക്കുന്നതിനും ഫയലുകളിൽ അതിവേഗം നടപടി സ്വീകരിക്കുന്നതിനും കഴിഞ്ഞിട്ടുണ്ട്.

## <u>വനിതാ ശിശുവികസന വകുപ്പ്</u>

### 1. അഭയകിരണം

അശരണരായ വിധവകളെ സംരക്ഷിക്കുന്ന ബന്ധുക്കൾക്ക് പ്രതിമാസം 1000/- രൂപ വീതം ധനസഹായം നൽകുന്ന പദ്ധതിയാണ് അഭയകിരണം പദ്ധതി. 2018-19 സാമ്പത്തിക വർഷം മുതൽ സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നു.

### 2. സഹായ ഹസ്തം

55 വയസ്സിനു താഴെ പ്രായമുള്ളവരും സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവരുമായ വിധവകൾക്ക് സ്വയം തൊഴിൽ കണ്ടെത്തുന്നതിനായി ധനസഹായം നൽകുന്ന പദ്ധതിയാണ് സഹായ ഹസ്തം. വിധവകൾക്ക് ഒറ്റയ്ക്കായോ വനിത ഗ്രൂപ്പ് മുഖേനയോ സ്വയംതൊഴിൽ സംരംഭത്തിനായി 30,000/- രൂപ ഒറ്റത്തവണ ഗ്രാന്റായി നൽകി വരുന്നു.

### 3. പടവുകൾ

വനിതകൾ ഗൃഹനാഥരായ കുടുംബങ്ങളിലെ സർക്കാർ എയ്ഡഡ് കോളേജുകളിൽ പ്രൊഫഷണൽ കോഴ്സുകൾക്ക് പഠിക്കുന്ന കുട്ടികൾക്ക് ട്യൂഷൻ ഫീസ്, ഹോസ്റ്റൽ ഫീസ് എന്നിവയ്ക്ക് ധനസഹായം നൽകുന്നു. വാർഷിക വരുമാന പരിധി 3 ലക്ഷം രൂപ.

### 4. അതിജീവിക

കുടുംബനാഥൻ രോഗബാധിതനായി കിടപ്പിലാകുകയോ മരിക്കുകയോ ചെയ്യുന്ന കുടുംബങ്ങൾക്ക് ആശ്വാസമായി വകുപ്പ് ആവിഷ്കരിച്ച പദ്ധതിയാണ് അതിജീവിക. കുടുംബനാഥന്റെ അസുഖം, മരണം എന്നിവയോ പ്രകൃതി ക്ഷോഭത്താലോ മറ്റ് കാരണത്താലോ ബുദ്ധിമുട്ടുന്ന സ്ത്രീകൾക്ക് ഒറ്റത്തവണ സഹായം നൽകും. ഒരു കുടുംബത്തിന് പരമാവധി 50,000/- രൂപ ഇടക്കാല ആശ്വാസമായി ലഭിയ്ക്കും.

### 5. സധൈര്യം മുന്നോട്ട്

വകുപ്പ് നടപ്പിലാക്കി വരുന്ന സ്ത്രീ ശാക്തീകരണ പരിപാടിയായ സധൈര്യം മുന്നോട്ട് പരിപാടിയുടെ ഭാഗമായി വിവിധ ബോധവൽക്കരണ പരിപാടികൾ നടത്തി വരുന്നു. ഭരണഘടനയുടെ മൗലീകാവകാശങ്ങൾ സംബന്ധിച്ച് ബോധവൽക്കരണം പെൺകുട്ടികൾക്ക് സ്വയരക്ഷ പരിശീലനം സ്കൂൾതലം മുതൽ ഡിഗ്രി തലം വരെയുള്ള വിദ്യാർത്ഥിക്കായി ലിംഗസമത്വം നടപ്പിൽ വരുത്തുന്നതിന് അവയർനസ് പ്രോഗ്രാമുകൾ മുതലായവ 2018-19 വർഷത്തിൽ സംഘടിപ്പിക്കുകയുണ്ടായി. കേരളത്തിലെ കലാലയങ്ങളിലെ വിദ്യാർത്ഥി-വിദ്യാർത്ഥിനികളെ പങ്കെടുപ്പിച്ച് കേരള സ്ത്രീ ഇന്നലെ ഇന്ന് നാളെ എന്ന വിഷയത്തിൽ പോസ്റ്റർ രചന മത്സരം

സംഘടിപ്പിക്കുകയും അവർ തയ്യാറാക്കിയ മികച്ച പോസ്റ്ററുകൾ സ്ത്രീ ശാക്തീകരണ പദ്ധതികൾക്കായി വിനിയോഗിക്കുകയും ചെയ്യുന്നു.

## 6. പ്രധാനമന്ത്രി മാതൃ വന്ദന യോജന

സംസ്ഥാനത്തെ എല്ലാ ജില്ലകളിലും 1.1.17 മുതൽ പ്രധാനമന്ത്രി മാതൃ വന്ദന യോജന എന്ന കേന്ദ്രാവിഷ്കൃത പദ്ധതി ആരംഭിച്ചിട്ടുണ്ട്. തൊഴിൽ ചെയ്ത് ജീവിക്കുന്ന സ്ത്രീകൾക്ക് അവരുടെ ഗർഭ/പ്രസവ കാലയളവിലുണ്ടാകുന്ന തൊഴിൽ/വരുമാന നഷ്ടം ഭാഗികമായി നികത്തുന്നതിനും ഗർഭ/ പ്രസവ കാലയളവിൽ സ്ത്രീയ്ക്കും കുഞ്ഞിനും ആവശ്യമായ പോഷക പരിചരണം ഉറപ്പാക്കുന്നതിനും വേണ്ടിയുള്ളതാണ് ഈ പദ്ധതി. 18 വയസ്സിന് മേൽ പ്രായമുള്ള സ്ത്രീകൾക്ക് അവരുടെ ആദ്യത്തെ സജീവ പ്രസവത്തിന് 5000/- രൂപ നിബന്ധനകൾക്ക് വിധേയമായി ആനുകൂല്യമായി ലഭിക്കുന്നു. ഇപ്രകാരം ആനുകൂല്യമായി അനുവദിക്കുന്ന 5000/- രൂപ 3 ഗഡുക്കളായിട്ടാണ് നൽകുന്നത്. (1000+2000+2000) സാമ്പത്തിക ആനുകൂല്യം ഗുണഭോക്താവിന്റെ ആധാർ സീഡഡ് ബാങ്ക്/പോസ്റ്റ് ഓഫീസ് അക്കൗണ്ടിലേയ്ക്ക് നേരിട്ട് നൽകുന്നു. സർക്കാർ/അർദ്ധസർക്കാർ /പൊതുമേഖലാ സ്ഥാപനങ്ങലിലോ ജോലി ഇല്ലാത്തവരും മറ്റേതെങ്കിലും പ്രസവാനുകൂല്യം ലഭിക്കാത്തവരുമായ എല്ലാ സ്ത്രീകളും പദ്ധതി ഗുണഭോക്താക്കളാകുന്നതിന് അർഹരാണ്.

## 7. സമ്പുഷ്ട കേരളം (നാഷണൽ ന്യൂട്രീഷൻ മിഷൻ)

ഒരു ജീവിതചക്ര സമീപനത്തിലൂടെ തൽസമയ വളർച്ചാ നിരീക്ഷണവും യഥാസമയത്തുള്ള ഇടപെടലുകളും വഴി കൗമാര പ്രായക്കാരായ പെൺകുട്ടികൾ, ഗർഭിണികൾ, മുലയൂട്ടുന്ന അമ്മമാർ, 6 വയസ്സിനു താഴെയുള്ള കുട്ടികൾ എന്നിവരിലെ ന്യൂന പോഷണം തടയുന്നതിനു രൂപീകരിച്ചിട്ടുള്ള കേന്ദ്രാവിഷ്കൃത പദ്ധതിയാണ് നാഷണൽ ന്യൂട്രീഷൻ മിഷൻ. നാഷണൽ ന്യൂട്രീഷൻ മിഷന്റെ നിലവിലുള്ള ലക്ഷ്യത്തോടൊപ്പം സമ്പൂർണ്ണ മുലയൂട്ടലിന്റെ നിരക്ക് വർദ്ധിപ്പിക്കുക, Obesity നിരക്ക് കുറയ്ക്കുക എന്നിവ കൂടി ഉൾപ്പെടുത്തിക്കൊണ്ട് സംസ്ഥാന സർക്കാർ ആവിഷ്കരിച്ച പദ്ധതിയാണ് സംപുഷ്ട കേരളം.

സെക്ഷൻ ഓഫീസർ